# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 15/02/2020

## സ്തീകളെ മാരകായുധങ്ങൾ കാണിച്ച് ഭീഷണിപ്പെടുത്തി 16 പവൻ കവർന്ന സംഘം അറസ്ററിൽ

കൊല്ലം : വീട്ടിൽ അതിക്രമിച്ചു കയറി സ്തീകളെ മാരകായുധങ്ങളുപയോഗിച്ച് ഭീഷണിപ്പെടുത്തി 17 പവൻ കവർന്ന രണ്ടുപേർ മണിക്കൂറുകൾക്കുള്ളിൽ കൊല്ലം സിറ്റി പോലീസിന്റെ പിടിയിൽ. കിളികൊല്ലൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ ഇരട്ടക്കുളങ്ങര യിലെ മൈത്രി നഗറിലെ വീട്ടിൽ അതിക്രമിച്ചു കയറി വീട്ടിലുണ്ടായിരുന്ന സ്ത്രീയുടെ ശരീര ത്തിലുണ്ടായിരുന്ന ഏകദേശം 17 പവനോളം സ്വർണ്ണാഭരണങ്ങൾ മാരകായുധങ്ങളുപയോ ഗിച്ച് ഭീഷണിപ്പെടുത്തി കവർന്ന നാലംഗ സംഘത്തിലെ പെട്രീഷ്യ S/o നെപ്പോളിയൻ, ഗ്ലാഡ് വില്ല, രാമൻകുളങ്ങര, പ്രസാദ് S/o സുകുമാരപിള്ള, പരുവക്ക തെക്കതിൽ, മരുത്തടി എന്നിവരാണ് പോലീസ് പിടിയിലായത്. ഇവരുടെ കയ്യിൽ നിന്നും മോഷ്ടിക്കപ്പെട്ട സ്വർണാഭരണങ്ങൾ കണ്ടെടുത്തു. ഇരുവരും നിരവധി മോഷണ ക്കേസുകളിലേയും ഗഞ്ചാവ് കേസുകളിലേയും പ്രതികളാണ്. കിളികൊല്ലൂർ പോലീസ് ഇൻസ്പെക്ടർ ബിജു, സബ് ഇൻസ്പെക്ടർമാരായ ശിവകുമാർ, ജയകു മാർ, അനീഷ് എ.എസ്.ഐ ബൈജു, സി.പി.ഒ മാരായ സീനു, മനു, സജു തുട ങ്ങിയ സംഘമാണ് പ്രതികളെ പിടികൂടിയത്.

